ദീപിക
പുസ്തകം 28 (Vol. 28) • ലക്കം 198 (Issue 198)
2023 ജൂലൈ 22 ശനി
1198 കർക്കടകം 06 • 1445 മുഹറം 03 • 1945 ആഷാഢം 31

ക.നി.മൂ.സ. മാണിക്കത്തനാർ കൈരളിയുടെ മാണിക്യം

ഫാ. ജോയി ചെഞ്ചേരിൽ എംസിബിഎസ്

'മേഘങ്ങൾക്കിടയിലെ പ്രഭാതതാരവും ഉത്സവദിനങ്ങളിലെ പൂർണചന്ദ്രനു'മെന്നു വിശേഷിപ്പിക്കപ്പെട്ട ആണ്ടുമാലിൽ ക.നി.മൂ.സ. മാണിക്കത്തനാർ (ഫാ. ഇമ്മാനുവൽ ഓഫ് ദി ഹോളി ഗോസ്റ്റ്, ടി.ഒ.സി.ഡി.) കാലങ്ങൾക്കതീതനായ ഭാഷോപാസകനാണ്. മലയാള സാഹിത്യത്തിന് അമൂല്യ സംഭാവനകൾ നൽകിയ അർണോസ് പാതിരി, ബെഞ്ചമിൻ ബെയ്‌ലി, ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ നിരയിൽത്തന്നെ ഗണിക്കപ്പെടേണ്ട പ്രതിഭയാണ് സുറിയാനി പ്ശീത്താ ബൈബിൾ വിവർത്തകനും അനുഗൃഹീത കവിയും ബഹുഭാഷാ പണ്ഡിതനുമായ മാണിക്കത്തനാർ. സാഹിത്യോപാസനയിലൂടെ ദൈവസേവനം നിർവഹിച്ച അദ്ദേഹം നസ്രാണി ദീപിക ദിനപത്രത്തിന്റെ മാനേജിംഗ് എഡിറ്ററായും സേവനം ചെയ്തിരുന്നു.

പേരിലെ സാദൃശ്യംകൊണ്ട് ക.നി.മൂ.സ. മാണിക്കത്തനാരെ നിധിരിക്കൽ മാണിക്കത്തനാരായി തെറ്റിദ്ധരിച്ചവരുണ്ട്. എന്നാൽ, പ്രതിഭകൊണ്ടും വേറിട്ട സംഭാവനകൾകൊണ്ടും കാലഘട്ടത്തിന് മാർഗദർശികളായ രണ്ടു ശ്രേഷ്ഠവ്യക്തികളാണ് അവർ. ഉത്തമമായ ആദ്യ കത്തോലിക്കാ ബൈബിൾ വിവർത്തനം, ബൈബിളിനെ അധികരിച്ചുള്ള പദ്യകൃതികളായ പ്രാസംഗികൻ, സോളമന്റെ സുഭാഷിതങ്ങൾ, പീഡാനുഭവപാന, ദിവ്യമാതൃക എന്നീ അമൂല്യഗ്രന്ഥങ്ങൾ മലയാളത്തിനു സമ്മാനിച്ച സന്ന്യാസാചാര്യനാണ് ക.നി.മൂ.സ. മാണിക്കത്തനാർ. മലയാളികൾക്ക് പൊതുവേയും ക്രൈസ്തവസമൂഹത്തിന് പ്രത്യേകിച്ചും നാട്ടുഭാഷയിൽ ബൈബിൾ വായിക്കാനും അറിയാനും സാധ്യതകൾ നന്നേ കുറവായിരുന്ന ഒരുകാലത്താണ് അദ്ദേഹം അങ്ങനെയൊരു ഉദ്യമം നടത്തിയത്.

▶ ജീവചരിത്രം

1878 ജൂലൈ ഇരുപത്തിരണ്ടിന് വിശുദ്ധ അൽഫോൻസാമ്മയുടെ വംശപരമ്പരയിൽപ്പെട്ട കുടമാളൂരിലെ മുട്ടത്തുപാടത്ത് ആണ്ടുമാലിൽ കുടുംബത്തിലാണ് മാണിക്കത്തനാർ ജനിച്ചത്. മാന്നാനം സെന്റ് എഫ്രേം സ്കൂളിലെ പ്രാഥമിക പഠനങ്ങൾക്കുശേഷം കർമലീത്താ മൂന്നാം സഭയുടെ സെമിനാരിയിൽ പ്രവേശിച്ച അദ്ദേഹം, 1910 മേയ് 22 ന് പൗരോഹിത്യം സ്വീകരിച്ചു. സംസ്കൃതം, സുറിയാനി, ലത്തീൻ, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ തികഞ്ഞ പാണ്ഡിത്യമുണ്ടായിരുന്നു അദ്ദേഹത്തിന്.

കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ (ക.നി.മൂ.സ.) യാണ് പിന്നീട് സിഎംഐ സഭയായി മാറിയത്. വൈദിക പരിശീലനമേഖലയിൽ അധ്യാപകനായും സിഎംഐ സഭയുടെ പ്രിയോർ ജനറലിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ച മാണിക്കത്തനാർ ആരാധനക്രമവും അതിന്റെ ഭാഷയും ദേവഭാഷയും ഭാഷ്യവുമായി കരുതിക്കൊണ്ടാണ് തന്റെ സാഹിത്യസംഭാവനയും സന്ന്യാസസമർപ്പണവും ചെയ്തിരുന്നത്. 1941 ജനുവരി ഒമ്പതിന് അറുപത്തി മൂന്നാമത്തെ വയസിൽ അദ്ദേഹം നിര്യാതനായി. സിഎംഐ സഭയുടെ മുത്തോലിയിലെ സെന്റ് ജോൺസ് ആശ്രമത്തിലാണ് മാണിക്കത്തനാരെ സംസ്കരിച്ചിരിക്കുന്നത്. സർഗവൈഭവംകൊണ്ട് കാലാതിവർത്തികളായ സംഭാവനകൾ നൽകി അനശ്വരനായ വ്യക്തിയാണ് ക.നി.മൂ.സ. മാണിക്കത്തനാർ.

മാർത്തോമ്മാ നസ്രാണികളുടെ ആത്മീയ ഉന്നമനത്തിനുവേണ്ടി അതീവ തീക്ഷ്ണതയോടെ, പണ്ഡിതോചിതമായി എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്ത ഒരു സന്ന്യാസാചാര്യനായിരുന്നു അദ്ദേഹം. താൻ അംഗമായിരുന്ന സിഎംഐ സന്ന്യാസ സമൂഹത്തിന്റെ ചിട്ടക്രമങ്ങളിലും ആത്മീയ അഭ്യസനങ്ങളിലും അദ്ദേഹത്തിന് ഉണ്ടായിരുന്ന വിധേയത്വവും സമർപ്പണവും അനുകരണീയങ്ങളാണ്.

▶ ദീപികയും മാണിക്കത്തനാരും

1910 മുതൽ 1914 വരെ നസ്രാണി ദീപിക ദിനപത്രത്തിന്റെയും തുടർന്ന് കർമ്മല കുസുമം (1903) എന്ന മലയാളത്തിലെ പ്രഥമ കുടുംബമാസികയുടെയും മാനേജിംഗ് എഡിറ്ററായി മാണിക്കത്തനാർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സകലരെയും ആകർഷിക്കുന്ന വ്യക്തിത്വവും നർമഭാഷണവും കർമകുശലതയുംകൊണ്ട് താൻ ഏറ്റെടുത്ത ദൗത്യങ്ങൾക്ക് പ്രശോഭ നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ സാഹിത്യസിദ്ധികളും നേതൃപാടവവും സന്ന്യാസനിഷ്ഠയും ദീപികയ്ക്കു മുതൽക്കൂട്ടായത് ചരിത്രത്തിന്റെ ഭാഗമാണ്.

▶ ബൈബിൾ വിവർത്തകൻ

വിശുദ്ധ ബൈബിൾ പരിഭാഷാചരിത്രത്തിൽ പകരംവയ്ക്കാനില്ലാത്ത നാമമാണ് മാണിക്കത്തനാരുടേത്. സത്യവേദപുസ്തകം എന്ന ബൈബിൾ പരിഭാഷ മലയാളത്തിൽ ഉണ്ടായിരുന്നെങ്കിലും ബൈബിളിന് ഉത്തമമായൊരു കത്തോലിക്കാ വിവർത്തനത്തിന്റെ അഭാവം ഇവിടെ ഉണ്ടായിരുന്നു. ആ കുറവ് നികത്താനാണ് എറണാകുളത്തെ മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്ത സിഎംഐ സഭയോട് ആവശ്യപ്പെടുന്നത്. അങ്ങനെയാണ് ഈ ചരിത്രനിയോഗം മാണിക്കത്തനാരിലേക്ക് എത്തുന്നത്; അത് അദ്ദേഹം സമയോചിതമായി പൂർത്തിയാക്കുകയും ചെയ്തു.

മാണിക്കത്തനാരുടെ ചിരകാലസ്മരണയുടെ അടയാളമായി നിൽക്കുന്നത് ബൈബിൾ പുതിയനിയമത്തിന്റെയും പഴയനിയമത്തിലെ പഞ്ചഗ്രന്ഥത്തിന്റെയും പരിഭാഷയാണ്. ആത്മാവ് നഷ്ടപ്പെടുത്താതെ ആധികാരികമായി സുറിയാനിൽനിന്നു മലയാളത്തിലേക്കുള്ള പ്രഥമ പരിഭാഷ നിർവഹിച്ചു കൊണ്ടാണ് കേരള ക്രൈസ്തവർക്ക് അദ്ദേഹം ദീപഗോപുരമായി നിലകൊള്ളുന്നത്. നാട്ടുഭാഷയിൽ തയാറാക്കപ്പെട്ട ആദ്യ കത്തോലിക്കാ ബൈബിൾ മാണിക്കത്തനാരുടെ വിവർത്തനമായിരുന്നു. 1935ൽ അച്ചടിച്ച മാണിക്കത്തനാരുടെ പുതിയനിയമ വിവർത്തനം 20 പതിപ്പുകളിലായി എട്ടു ലക്ഷത്തിൽപ്പരം കോപ്പികൾ വിറ്റഴിഞ്ഞിട്ടുണ്ട്.

1887ലാണ് സുറിയാനി പ്ശീത്താ ബൈബിൾ മോസുളിൽനിന്ന് ആദ്യമായി പ്രസിദ്ധീകരിച്ചത്. ഈ പ്ശീത്താ ബൈബിൾ പതിപ്പാണ് മാണിക്കത്തനാർ മലയാളഭാഷയിലേക്കു മൊഴിമാറ്റം ചെയ്തത്. അറമായ ഭാഷ സംസാരിച്ചിരുന്ന പുതിയനിയമ ഗ്രന്ഥകർത്താക്കൾ പലസ്തീനയിലെ ഗ്രീക്ക് ഭാഷ സംസാരിക്കുന്നവർക്കു വേണ്ടിയാണ് പുതിയനിയമം ഗ്രീക്ക് ഭാഷയിൽ എഴുതിയത്. അതുകൊണ്ടുതന്നെ സുറിയാനി സഭകളിൽ പ്ശീത്താ ബൈബിളിന് അതുല്യമായ സ്ഥാനം ഉണ്ടായിരുന്നു. ക്രമേണ ചരിത്രപരമായ കാരണങ്ങളാൽ പ്ശീത്ത പണ്ഡിതന്മാരുടെ ഇടയിലും ആരാധനയുടെ അവസരങ്ങളിലുമായി ചുരുങ്ങി. ഇപ്പോഴും എല്ലാ സുറിയാനി സഭകളുടെയും ഔദ്യോഗിക ബൈബിൾ പ്ശീത്ത ബൈബിളാണ്.

▶ പരിഭാഷയുടെ സവിശേഷതകൾ

ഇന്നിനെ അറിഞ്ഞുകൊണ്ടുവേണം ഇന്നലെകളെ പരിഭാഷപ്പെടുത്താൻ എന്ന ദൃഢനിശ്ചയത്തോടുകൂടിയാണ് മാണിക്കത്തനാർ ബൈബിൾ പരിഭാഷ നടത്തിയത്. മലയാളത്തിലേക്കുള്ള ഈ പരിഭാഷയിൽ ശാസ്ത്രീയമായ അച്ചടക്കത്തോടെയാണ് ഈ കൃത്യം അദ്ദേഹം നിർവഹിച്ചത്. ഓരോ ഗ്രന്ഥത്തിനും സമുചിതമായ ആമുഖവും ഗ്രന്ഥകർത്താവിനെകുറിച്ചുള്ള വിവരണവും അതിലുൾപ്പെടുത്തിയിരുന്നു. ചെറുവ്യാഖ്യാനങ്ങളും പഴയ-പുതിയനിയമങ്ങളുടെ സാധർമ്യങ്ങളും സൂചകങ്ങളും നൽകിയിട്ടുണ്ട് ഈ പരിഭാഷയിൽ. അപ്പസ്തോലപ്രവർത്തനങ്ങളെ 'ശ്ലീഹന്മാരുടെ നടപടി' എന്ന് അദ്ദേഹം നാമകരണം ചെയ്തിരിക്കുന്നത് ശ്രദ്ധേയമാണ്. സാധാരണ വിശ്വാസികളോടു പോലും സംവദിക്കുന്ന ലളിത സുന്ദരപ്രയോഗങ്ങളും വാക്യഘടനയും ഈ പരിഭാഷയുടെ സ്വീകാര്യത വർധിപ്പിക്കുന്നു.

ഇരുപതു നൂറ്റാണ്ടുകളോളമുള്ള മാർത്തോമ്മാ നസ്രാണികളുടെ പാരമ്പര്യസവിശേഷതകളെ ആദരപൂർവം സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം പരിഭാഷ നിർവഹിച്ചത്. സാധാരണക്കാരുടെ പ്രാർഥനയിലും ചിന്തകളിലും നിറഞ്ഞുനിന്ന പ്രയോഗങ്ങൾ അദ്ദേഹം അതിൽ ചേർത്തു. ദൈവം, കർത്താവ്, തമ്പുരാൻ, ഈശോ, മിശിഹാ, രക്ഷകൻ ഇത്യാദി പ്രയോഗങ്ങൾ അതിനു ദൃഷ്ടാന്തങ്ങളാണ്. അരമായ പദങ്ങളോടൊപ്പംതന്നെ നിരവധി നാട്ടുഭാഷാ പദപ്രയോഗങ്ങളും അദ്ദേഹം കണക്കിലെടുത്തു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഏതാണ്ട് അരനൂറ്റാണ്ടു കാലം മാണിക്കത്തനായുടെ വിശുദ്ധ ഗ്രന്ഥമാണ് സർവസ്വീകാര്യമായ ബൈബിൾ വിവർത്തനമായി സുറിയാനി കത്തോലിക്കർ നെഞ്ചേറ്റിയത്. ഫാ. മാത്യു ഉപ്പാണി സിഎംഐയും കുര്യൻ കണിയാമ്പറമ്പിൽ കോറെപ്പിസ്കോപ്പയും പിന്നീട് സമ്പൂർണ ബൈബിൾ പ്ശീത്തയിൽനിന്ന് മലയാളത്തിലേക്കു തർജമ ചെയ്തിട്ടുണ്ട്. എന്നാൽ മാണിക്കത്തനാരുടെ പതിപ്പിന്റെ സാരള്യവും സുവ്യക്തതയും ഇപ്പോഴും അസൂയാർഹമായി തുടരുന്നു.

▶ സാഹിത്യകാരൻ

സമൂഹത്തെയും സംസ്കാരത്തെയും വിമലീകരിക്കുക എന്നത് സാഹിത്യത്തിന്റെ പ്രധാന ലക്ഷ്യമായി കണ്ടുകൊണ്ടാണ് മാണിക്കത്തനാർ എഴുതിയത്. മലയാളഭാഷയ്ക്കുവേണ്ടിയുള്ള തന്റെ ജീവിതനിയോഗത്തെ മനസിൽ ഉറപ്പിച്ചുകൊണ്ടാണ് ഭാഷയായി പറഞ്ഞിടുന്ന സുഭാഷിതവും പ്രാസംഗികനുമൊക്കെ അദ്ദേഹം എഴുതിയത്.

ഗഹനങ്ങളായ വേദസാരങ്ങളെ കാമ്പു ചോരാതെ കാച്ചിക്കുറുക്കിയ കവിതകളിൽ പണ്ഡിതപാമരഭേദമെന്യേ സകലർക്കുമുള്ള ദിശാബോധമായി പറഞ്ഞുതരാനുള്ള അദ്ദേഹത്തിന്റെ വൈഭവം അദ്ഭുതകരമാണ്. അദ്ദേഹത്തിന്റെ പ്രാസംഗികൻ, സോളോമന്റെ സുഭാഷിതങ്ങൾ എന്നീ കൃതികൾ കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങളിൽ പാഠപുസ്തകമായിരുന്നു.

ഹൈന്ദവപുരാണങ്ങളും ഇതിഹാസങ്ങളും മലയാളസാഹിത്യത്തിൽ ഇടം നേടിയിട്ടുണ്ടെങ്കിലും ബൈബിൾ അധിഷ്ഠിതമായ സ്വതന്ത്രാവിഷ്കാരങ്ങളുടെ അഭാവം നികത്തിക്കൊണ്ടാണ് മാണിക്കത്തനാർ എഴുതിയത്. ജാതിചിന്തയും വർഗവർണവിവേചനങ്ങളും ഉച്ചനീചത്വങ്ങളും അരങ്ങുതകർത്താടിയ സവർണമേധാവിത്വത്തിന്റെ കാലത്താണ് മലയാള സാഹിത്യത്തിന്റെ ബോധജ്ഞാനകാവ്യങ്ങൾ അദ്ദേഹം രചിച്ചത്. ആനുകാലികങ്ങളിൽ നിരവധി ഗദ്യകൃതികളും അദ്ദേഹം പ്രസിദ്ധീകരിച്ചു.

പരമദീപസമാനമായി തന്റെ രചനകളെല്ലാം ജ്ഞാനവും ഈശ്വരവിചാരവും മാനവബോധവും ഉണർത്തുന്നതാകണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. തന്റെ വായനക്കാരിൽ ഇതരമതസ്ഥരും ഉണ്ടെന്നറിഞ്ഞ് മതവൈവിധ്യങ്ങളുടെയും സംസ്കാര സവിശേഷതയുടെയും ഹൃദയത്തിൽ തൊട്ടാണ് അദ്ദേഹം രചനകളിലെ സാർവാശ്ലേഷിത്വത്തിന് ഇടം നൽകിയത്.

ഭാഷകൊണ്ടും ശൈലികൊണ്ടും ഹൃദയത്തെ സ്പർശിക്കുന്ന കവനോദ്യമമാണ് മാണിക്കത്തനാരുടേത്. കാലികമായി സമൂഹത്തോട് സംവദിക്കുന്ന രീതി അതിൽ പ്രകടമാണ്. അപചയങ്ങൾ അതിവേഗം പാഞ്ഞടുക്കുന്ന വർത്തമാന സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ അദ്ദേഹത്തിന്റെ രചനകൾക്ക് ഏറെ പ്രസക്തിയുണ്ട്. സുറിയാനി ഭാഷയിലെ അമൂല്യനിക്ഷേപമായ പ്ശീത്തബൈബിൾ കേരളീയർക്ക് അനാച്ഛാദനം ചെയ്ത് അനശ്വരനായിത്തീർന്ന ക.നി.മൂ.സ. മാണിക്കത്തനാരെയും കൃതികളെയും അറിയാനും പഠനവിധേയമാക്കാനും ഇനിയും വൈകരുത്. അദ്ദേഹത്തിന്റെ ബൈബിൾ പരിഭാഷയ്ക്ക് പുതിയൊരു പതിപ്പ് പ്രസിദ്ധീകരിക്കുന്നത് അദ്ദേഹത്തിന് ഉചിതമായ സ്മാരകമായിരിക്കും.

ക.നി.മൂ.സ. മാണിക്കത്തനാരുടെ 145-ാം ജന്മദിനം ഇന്ന്

പേരിലെ സാദൃശ്യംകൊണ്ട് ക.നി.മൂ.സ. മാണിക്കത്തനാരെ നിധിരിക്കൽ മാണിക്കത്തനാരായി തെറ്റിദ്ധരിച്ചവരുണ്ട്. എന്നാൽ, പ്രതിഭകൊണ്ടും വേറിട്ട സംഭാവനകൾകൊണ്ടും കാലഘട്ടത്തിന് മാർഗദർശികളായ രണ്ടു ശ്രേഷ്ഠവ്യക്തികളാണ് അവർ. ഉത്തമമായ ആദ്യ കത്തോലിക്കാ ബൈബിൾ വിവർത്തനം, ബൈബിളിനെ അധികരിച്ചുള്ള പദ്യകൃതികളായ പ്രാസംഗികൻ, സോളമന്റെ സുഭാഷിതങ്ങൾ, പീഡാനുഭവപാന, ദിവ്യമാതൃക എന്നീ അമൂല്യഗ്രന്ഥങ്ങൾ മലയാളത്തിനു സമ്മാനിച്ച സന്ന്യാസാചാര്യനാണ് ക.നി.മൂ.സ. മാണിക്കത്തനാർ.

SHTRA DEEPIKA Ltd. and Printed at S.T. REDDIAR PRINTERS, VEEKSHANAM ROAD, ERNAKULAM, COCHIN - 682035 and published at RASHTRA DEEPIKA Ltd. DOOR No. 41/2556, OPP. NORTH RAILWAY STATION ROAD, KOCHI - 682018, 1-2566706, 3012600, 3012222. EKM: EPABX: 0484-2391068 Fax: 3043043. E-mail: newsekm@deepika.com Rashtra Deepika Ltd. Chairman: Dr. Francis Cleetus, Managing Director: Fr Benny Mundanatt, VOL.28 NO.198